Draft #46 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 22-Jun-2026 04:45 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: ശ്രീമതി രാധിക വി. നായർ, അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6342/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2026

---

*പരാമർശം:*-1. ഓഫീസ് ഉത്തരവ് നമ്പർ: 111970/AD A 1-4/2021/എഡി എ1, തീയതി : 16.06.2026
2. സർവകലാശാല ഉത്തരവ് നമ്പർ 5849/ADA1/2026/എം.ജി.യു. തീയതി 09.06.2026
3. സർക്കുലർ നമ്പർ: AD A1-3-246/2016,തീയതി: 31.05.2016.
4. ജി.ഒ (പി) നം. 42/ 2010 / പി & എആർഡി, തീയതി 20.12.2010
5. സർവകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി: 21.11.2022.

**ഉത്തരവ്**

ശ്രീമതി രാധിക വി. നായർ (PEN-2455, UPEN-U13342), അസിസ്റ്റന്റ് രജിസ്ട്രാർ, പരാമർശം (1) പ്രകാരം 08.06.2026 മുതൽ 07.09.2026 വരെ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം എന്നിവ ഉടൻ പ്രാബല്യത്തിൽ സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, PEN/UPEN, തസ്തിക, സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ-25 ആയ ശ്രീമതി ആനി ജോർജ് (PEN-1982, UPEN-U13097)-നെ പരാമർശം (2) പ്രകാരം നൽകിയ പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ-12 -ന്റെ അധിക ച്ചുമതലയിൽ നിന്ന് വിടുതൽ ചെയ്യുന്നു. | | | |
| 2. | ശ്രീ. സതീഷ് കെ., 2537/U13368, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), EJ 1 സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി രാധിക വി. നായർ, അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ-12 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 3. | ശ്രീമതി പോൺസി ജോസ്, 2867/U13344 സെക്ഷൻ ഓഫീസർ, AD A10 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സതീഷ് കെ., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4. | NSS സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. മിഥുൻ കെ. ദാസ് (PEN-3079, UPEN-U14028)-നെ EJ 1 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 5. | PFMS സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. ഷാനവാസ് എ. (PEN-3018, UPEN-U13998)-യെ NSS സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6. | AD A1 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. നവനീത് ബാബു സി. (PEN-3046, UPEN-U13911)-യെ PFMS സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 7. | യൂണിവേഴ്സിറ്റി ലൈബ്രറി അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ആയ ശ്രീ. ജോയ് മാത്യു (PEN-2515, UPEN-U14654)-നെ AD A1 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 8. | ശ്രീ. വിഷ്ണു ആർ.<br>3291/U13650<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ,<br>യൂണിവേഴ്സിറ്റി ലൈബ്രറി | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 -1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി പോൺസി ജോസ്,<br>സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിയമിച്ചിരിക്കുന്നു. |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാനക്കയറ്റങ്ങൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 173/2025 (Arising from WP(c) - 15097/2024), 209/2025 (Arising from WP(c) - 13766/2024) നമ്പർ റിട്ട് അപ്പീലുകളിൻമേലുള്ള 06.10.2025 -ലെ വിധിന്യായത്തിനും ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള Con.Case (C) നമ്പർ 661/2026, 704/2026 എന്നിവയിലെ അന്തിമ വിധിയ്ക്കും വിധേയമായിരിക്കും.

സെക്ഷൻ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ C.A. 14915 to 14919 നമ്പർ ഹർജികളിൽമേലുള്ള Con.Case (C) നമ്പർ 1840/2025 -ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായങ്ങൾക്കും സർവകലാശാല ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിവ്യൂ ഹർജിയിലെ (Diary No. 66933/2025)-ലെ വിധിയ്ക്കും സർക്കാർ ഈ വിഷയത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കും വിധേയമായിരിക്കും.

അസിസ്റ്റന്റ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ് വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

Draft #46 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 22-Jun-2026 04:45 PM - Page 2

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും പ്രസ്തുത വിവരം CTC-യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. എ.ഡി.സി. I/II/III/IV/V/പബ്ലിക് റിലേഷൻസ് ഓഫീസർ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഫ്.സി.സി./ഫിനാൻസ് I/II/ എഡി.എIII/എഡി.എ.IV/എഡി.എ.VIII/X
8. ഐ.ക്യൂ.എ.സി./ഐ.റ്റി. സെൽ 1/2/3/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.

Draft #46 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 22-Jun-2026 04:45 PM - Page 3